പത്രക്കുറിപ്പ്
14.08.2017

# ഓണം വിപണിക്കു മാറ്റുകൂട്ടാൻ സംസ്ഥാനമൊട്ടാകെ കുടുംബശ്രീ ഓണചന്തകൾ

***സംസ്ഥാനമൊട്ടാക 1100 ഓണച്ചന്തകൾ * ഒരു ലക്ഷത്തിലേറെ സംരംഭകർ**
*** ദേശീയ സരസ് മേളയിൽ പങ്കെടുക്കാൻ ഇരുപത്തിയഞ്ച് സംസ്ഥാനങ്ങൾ**

തിരുവനന്തപുരം: ഓണം വിപണിക്കു മാറ്റുകൂട്ടാൻ സംസ്ഥാനമൊട്ടാകെ കുടുംബശ്രീയുടെ നേതൃത്വത്തിൽ ആഗസ്റ്റ് മുപ്പതു മുതൽ സെപ്റ്റംബർ അഞ്ചു വരെ ഓണചന്തകൾ സംഘടിപ്പിക്കുന്നു. ജില്ലാ ഗ്രാമതലത്തിലായി ആയിരത്തി ഒരുനൂറോളം ഓണചന്തകളാണ് ഇത്തവണ സംഘടിപ്പിക്കുന്നത്. ഇതിൽ കാർഷിക-സൂക്ഷ്മസംരംഭ മേഖലയിൽ നിന്നായി ഒരു ലക്ഷത്തിലേറെ സംരംഭകരും പങ്കെടുക്കും.

ഓണത്തോടനുബന്ധിച്ച് കുടുംബശ്രീയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മലപ്പുറത്ത് ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ നാലു വരെ ദേശീയ സരസ് ഉൽപന്ന പ്രദർശന വിപണന മേളയും സംഘടിപ്പിക്കും. ഇതിന്റെ ഉദ്ഘാടനം ആഗസ്റ്റ് 25-ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ നിർവഹിക്കും. ഇരുപത്തിയഞ്ചോളം സംസ്ഥാനങ്ങൾ സരസ് മേളയിൽ പങ്കെടുക്കുക. ഇതര സംസ്ഥാനങ്ങളിലെ പരമ്പരാഗത ഗ്രാമീണ സംരംഭകരുടെ ഉൽപന്നങ്ങൾ ഉൾപ്പെടുത്തി ഇരുനൂറ്റി നാൽപതു സ്റ്റോളുകളും പ്രദർശന നഗരിയിൽ ഒരുക്കും. ഇതോടൊപ്പം വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സംരംഭകർ അണിനിരക്കുന്ന ഭക്ഷ്യമേളയും സംഘടിപ്പിക്കും.

40 കോടി രൂപയുടെ വിറ്റുവരവാണ് കുടുംബശ്രീ ഇത്തവണ ഓണച്ചന്തകളിൽ നിന്നു പ്രതീക്ഷിക്കുന്നത്. ഓണത്തിന് ന്യായവിലയ്ക്ക് വിഷവിമുക്ത പച്ചക്കറികളും പഴങ്ങളും ഗുണനിലവാരം ഉറപ്പുവരുത്തിയ മറ്റു ഭക്ഷ്യ ഉല്പന്നങ്ങളും ലഭ്യമാക്കുക എന്നതിനൊപ്പം ഓണവിപണിയിൽ നിന്നും പരമാവധി വരുമാനം അയൽക്കൂട്ട വനിതകൾക്ക് നേടിക്കൊടുക്കുന്നതിനും കുടുംബശ്രീ ലക്ഷ്യമിടുന്നു. ഇതിനായി ഓണച്ചന്തകളിൽ കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുന്ന എല്ലാ വ്യക്തിഗത-ഗ്രൂപ്പു സംരംഭകരുടെയും പൂർണ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സംസ്ഥാന ജില്ലാമിഷനുകൾ വിപുലമായ ഒരുക്കങ്ങളും നടത്തിക്കഴിഞ്ഞു. 2017 സൂക്ഷ്മസംരംഭങ്ങളുടെ വർഷമായി ആചരിക്കുന്നതുകൊണ്ട് കുടുംബശ്രീ ഉൽപന്നങ്ങളുടെ മാർക്കറ്റിങ്ങും വിപണനവും കൂടുതൽ ശക്തിപ്പെടുത്തുക എന്നതും ഇതുവഴി ലക്ഷ്യമിടുന്നു.

വൈവിധ്യമാർന്ന ഉൽപന്നങ്ങളുടെ ശ്രേണി നിരത്തിക്കൊണ്ടാണ് ഇത്തവണയും ഓണച്ചന്തകളുടെ സംഘാടനം. സംഘക്കൃഷിയിലൂടെ കുടുംബശ്രീ പ്രവർത്തകർ ഉൽപാദിപ്പിച്ച പച്ചക്കറികൾ പഴങ്ങൾ ധാന്യങ്ങൾ എന്നിവയ്ക്കു പുറമേ അച്ചാറുകൾ പലഹാരങ്ങൾ കറി പൗഡറുകൾ തേൻ കരകൗശല വസ്തുക്കൾ  അലങ്കാര വസ്തുക്കൾ വസ്ത്രങ്ങൾ തുടങ്ങിയവയും  ഓണച്ചന്തയിൽ ലഭ്യമാകും. കൂടാതെ ജില്ലാതല ഓണച്ചന്തകളോടനുബന്ധിച്ച് കുടുംബശ്രീ വനിതകളും ബാലസഭാംഗങ്ങളും അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികളും കഫേ കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ ഭക്ഷ്യമേളയും അരങ്ങേറും.  ഓണച്ചന്തകൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് പൂർണമായും ഒഴിവാക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ